(ഇ) പരാതി ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് സമർപ്പിച്ച പരാതി പോലീസ് ഡയറക്ടർ ജനറലിന് അയച്ചുകിട്ടിയിട്ടുണ്ട്. ഇതിന്മേലുള്ള റിപ്പോർട്ട് പരിശോധനാവസ്ഥയിലാണ്. പരാതികളിന്മേൽ കുറ്റ്യാടി പോലീസ് സ്ഥലത്ത് പോയി അന്വേഷണം നടത്തുകയും ടി പരാതി തൊഴിൽ തർക്കത്തെ സംബന്ധിച്ചുള്ളതായതിനാൽ ലേബർ കോടതി മുഖാന്തിരം പരിഹാരം നേടാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. വിനീത കോട്ടായിയുടെ മകനെ ദേഹോപദ്രവം ഏൽപ്പിച്ചതിന് കുറ്റ്യാടി പോലീസ് ക്രൈം 41/04 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കോടതിയിൽ ചാർജ് സമർപ്പിച്ചിട്ടുള്ളതുമാണ്.

കാർഷിക മേഖലയുടെ പുനരുദ്ധാരണം

160 [806] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകി ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കാർഷിക കടാശ്വാസത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് 2004-2005 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) 28-2-2002-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി.) 30/2002 ആർ.ഡി. അനുസരിച്ച് കേരള കാർഷിക കടക്കാർക്ക് താൽക്കാലിക ആശ്വാസ ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇതനുസരിച്ച് സർക്കാരിലേക്ക് വീട്ടേണ്ട കടം, സഹകരണ സംഘത്തിലേക്ക് വീട്ടേണ്ട കടം എന്നിവ ഗഡുക്കളായി വീട്ടുന്നതിന് വ്യവസ്ഥ ചെയ്തു. ഇതുപ്രകാരം കാർഷിക കടാശ്വാസം നൽകുന്നതിനായി 2004-2005-ലെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2004-2005-ൽ കർഷകർക്ക് കാർഷിക കടാശ്വാസം നൽകുന്നതിനായി ഒരു സ്കീം 19-6-2004-ലെ ജി.ഒ. (എംഎസ്.) 194/04 റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം കാർഷിക കടങ്ങൾക്ക് മാത്രം 23-1-2004 മുതൽ 1 വർഷത്തേക്ക് മോറട്ടോറിയം നൽകുന്നതായിരിക്കും. മോറട്ടോറിയം കാലാവധിയിൽ പലിശയ്ക്കും പിഴപ്പലിശയ്ക്കും ഇളവനുദിക്കുന്നതാണ്. മോറട്ടോറിയം കാലാവധിയിൽ പലിശയും പിഴപ്പലിശയും നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീ ഇംപേഴ്സ് ചെയ്യുന്നതാണ്. കാർഷിക വായ്പക്കുള്ള

† അനുബന്ധം XVI കാണുക.

LIBRARY ARCHIVES Kerala Legislative Assembly

പലിശ കുറയ്ക്കുന്നതിനുവേണ്ടി കമേർഷ്യൽ ബാങ്കുകളുമായും നബാർഡുമായും ചർച്ച ചെയ്തു കഴിഞ്ഞു. അനുകൂല തീരുമാനം ഉണ്ടാകുമെന്നു വിശ്വസിക്കുന്നു. എല്ലാത്തരം കാർഷിക കടങ്ങൾക്കും 50,000 രൂപ വരെ ഇളവനുവദിക്കണമെന്ന് കേന്ദ്രത്തോട് അപേക്ഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ചമൂലം വ്യാപകമായി കൃഷി/വിളനാശം ഉണ്ടായ സാഹചര്യത്തിൽ കാർഷിക വായ്പകൾ ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള ജപ്തി നടപടികൾ ആറുമാസത്തേക്ക് നിർത്തിവച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവായിരുന്നു. എന്നാൽ ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളായി മാറ്റുന്ന നടപടികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിലും ദീർഘകാല വായ്പകളുടെ കാലാവധി ഒരു വർഷംകൂടി ദീർഘിപ്പിച്ച സാഹചര്യത്തിലും, 6 മാസക്കാലയളവിനുള്ളിൽ വായ്പ തുകകൾ തിരികെയടയ്ക്കാൻ കഴിയില്ലെന്ന് ബോദ്ധ്യമായ സാഹചര്യത്തിൽ കാർഷിക വായ്പകൾ ഈടാക്കുന്നതിന് ജപ്തിയുൾപ്പെടെയുള്ള എല്ലാ നിയമനടപടികളും ഒരു വർഷത്തേക്ക് നിർത്തി വച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവായിട്ടുണ്ട്.

വാഹനാപകടങ്ങൾ

161 [810] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വിവിധ വാഹനാപകടങ്ങളിലായി മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ എത്രയെന്ന് ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട എം.എ.സി.ടി. കേസുകൾ എത്ര; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(ഡി) ഈ സർക്കാർ ഇതിനായി എത്ര എം.എ.സി.ടി. കോടതികൾ ആരംഭിക്കാൻ തീരുമാനിച്ചു എന്നും ശേഷിക്കുന്നവ എപ്പോൾ തുടങ്ങും എന്നും വ്യക്തമാക്കാമോ;

(ഇ) വാഹനാപകടങ്ങൾ തടയുന്നതിൽ ഹൈവേ പട്രോൾ സംഘങ്ങൾ വഹിക്കുന്ന പങ്ക് എന്താണ്;

(എഫ്) അനിയന്ത്രിതമായി ഓവർലോഡ് കയറ്റിയ ഹെവി വെഹിക്കിളുകൾ അപകടമുണ്ടാക്കുന്നതിന് കാരണമാകുന്നത് തടയുവാൻ ഹൈവേ പട്രോളുകൾ ശ്രദ്ധിക്കുന്നുണ്ടോ;- ഇവർ റിപ്പോർട്ട് ചെയ്ത കേസുകൾ എത്ര; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly